**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 533** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>വർധിച്ചുവരുന്ന ലഹരി വിൽപ്പന</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മുഹമ്മദ് മുഹസിൻ ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ലഹരി വിൽപ്പനയും ഉപയോഗവും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;എങ്കിൽ ഇത് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

**<u>മറുപടി:</u>** ഉണ്ട്. സംസ്ഥാനത്ത് മയക്കമരുന്ന് ഉൾപ്പെടെയുള്ള ലഹരി വസ്തുക്കളുടെ ഉപയോഗത്തിലും അനധികൃത വിപണനത്തിലും വർദ്ധനവുണ്ടാകുന്ന പ്രവണത സർക്കാർ ഗൗരവമായി കാണുന്നുണ്ട്. ഇതു തടയുന്നതിനായി ലഹരി കടത്ത്, വിപണനം, ഉപയോഗം എന്നിവയ്ക്കെതിരെ എൻഫോഴ്സ്മെന്റ്, ബോധവൽക്കരണം, സാമൂഹിക പ്രതിരോധം, ഡി-അഡിക്ഷൻ ചികിത്സ, പുനരധിവാസം എന്നീ മേഖലകളെ ഏകോപിപ്പിച്ചുള്ള സമഗ്രമായ പ്രവർത്തനങ്ങൾ സർക്കാർ നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ "ഓപ്പറേഷൻ തണ്ടർ" എന്ന പേരിൽ പ്രത്യേക എൻ.ഡി.പി.എസ്. ഡ്രൈവുകൾ നടപ്പിലാക്കി ലഹരി ഇടപാടുകളിൽ ഏർപ്പെടുന്നവരെയും സംഘടിത ലഹരി ശൃംഖലകളെയും കണ്ടെത്തി നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. ഓപ്പറേഷൻ തണ്ടറിന്റെ ഭാഗമായി നടത്തിയ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളുടെ ഫലമായി 828 NDPS കേസുകൾ കണ്ടെടുക്കുകയും 763 പ്രതികളിൽ 732 പേരെ അറസ്റ്റ് ചെയ്യുകയും 607025 രൂപ തൊണ്ടിയായി കണ്ടെടുക്കുകയും 29 വാഹനങ്ങൾ സർക്കാരിലേക്ക് കണ്ട് കെട്ടുകയും ചെയ്തിട്ടുണ്ട്. കൂടാതെ 7.94 ഗ്രാം ബ്രൗൺ ഷുഗർ, 14 കഞ്ചാവ് ബീഡി, 3 കഞ്ചാവ് സിഗററ്റ്, 133.790 കി ഗ്രാം കഞ്ചാവ്, 190 കഞ്ചാവ് ചെടികൾ, 27 ഗ്രാം ഹാഷിഷ്, 48.773 ഗ്രാം ഹാഷിഷ് ഓയിൽ, 164.76 ഗ്രാം ഹെറോയിൻ, 7 ഗ്രാം ഹൈബ്രിഡ് കഞ്ചാവ്, 461.135 ഗ്രാം MDMA, 60.766ഗ്രാം മെത്താംഫിറ്റാമിൻ, 14.42 ഗ്രാം നൈട്രോസെഫാം, 315 ഗ്രാം THC Candy, 36 e-cigaratte എന്നിവ കണ്ടെടുത്തിട്ടുണ്ട്.

പോലീസ് ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളുമായി ചേർന്ന് സംയുക്ത പരിശോധനകൾ, അതിർത്തി പരിശോധനകൾ, ഹൈവേ പെട്രോളിംഗ്, പ്രത്യേക റെയ്ഡുകൾ എന്നിവ നടത്തിവരുന്നു. 14 ജില്ലകളിലും എക്സൈസ് എൻഫോഴ്സ്മെന്റ് ആൻഡ് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ സ്ക്വാഡുകളും സംസ്ഥാന അതിർത്തികളിൽ കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകളും (KEMU) സജീവമായി പ്രവർത്തിച്ചുവരുന്നു. സാമൂഹിക മാധ്യമങ്ങൾ, ഡാർക്ക് വെബ്, കൊറിയർ സർവീസുകൾ എന്നിവ വഴിയുള്ള ലഹരി ഇടപാടുകൾ കണ്ടെത്തുന്നതിനായി എക്സൈസ് സൈബർ സെൽ പ്രവർത്തിച്ചുവരുന്നു.

വിദ്യാലയങ്ങൾ, കോളേജുകൾ, പൊതുഇടങ്ങൾ, അതിഥി തൊഴിലാളികൾ താമസിക്കുന്ന മേഖലകൾ എന്നിവ കേന്ദ്രീകരിച്ച് പ്രത്യേക പരിശോധനകളും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ച് വരുന്നു. സ്കൂളുകളിലെ ലഹരി വിരുദ്ധ ക്ലബുകൾ, കോളേജുകളിൽ രൂപീകരിച്ച

'നേർക്കൂട്ടം', 'ശ്രദ്ധ' കമ്മിറ്റികൾ വഴിയും 'നേർവഴി', 'ഉണർവ്' തുടങ്ങിയ പദ്ധതികളിലൂടെയും വിദ്യാർത്ഥികളിലും യുവജനങ്ങളിലും ലഹരിവിരുദ്ധ അവബോധം വളർത്തിവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയ സമിതികൾ രൂപീകരിച്ച് സാമൂഹിക പ്രതിരോധം ശക്തിപ്പെടുത്തിയിട്ടുണ്ട്.

24 മണിക്കൂറും പ്രവർത്തിക്കുന്ന എക്സൈസ് കൺട്രോൾ റൂമുകൾ, വാട്സ്ആപ്പ് വിവരശേഖരണ സംവിധാനങ്ങൾ, വിമുക്തി മിഷന്റെ ബോധവൽക്കരണ പ്രവർത്തനങ്ങൾ, ഡി-അഡിക്ഷൻ സെന്ററുകൾ, കൗൺസലിംഗ്, പുനരധിവാസ പരിപാടികൾ എന്നിവയിലൂടെ ലഹരി ഉപയോഗത്തിൽ നിന്ന് വ്യക്തികളെ മോചിപ്പിച്ച് സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് തിരിച്ചു കൊണ്ടുവരുന്നതിനുള്ള സമഗ്രമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**